# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പട്ടിക വർഗ്ഗ ജനസംഖ്യ</u>

3522 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക വർഗ്ഗ ജനസംഖ്യ എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) 2011-12, 2012-13 വർഷങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും, ചെലവഴിച്ച തുക എത്രയാണെന്നും പറയാമോ;

(സി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുക എത്രയാണെന്നും അതിൽ ചെലവഴിച്ച തുക എത്രയാണെന്നും പറയാമോ;

(ഡി) 2012-13 വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി അനുവദിച്ച തുക എത്രയാണെന്നും അതിൽ 2013 മാർച്ച് 31 നുള്ളിൽ ചെലവഴിച്ച തുക എത്രയാണെന്നും പറയാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ പഞ്ചായത്തുകൾ</u>

3523 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയിലെ 5-ാം പട്ടികയിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികവർഗ്ഗ വിഭാഗത്തിനായി കേരളത്തിൽ എത്ര പഞ്ചായത്തുകൾ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ജില്ല തിരിച്ച് ഏതെല്ലാം പഞ്ചായത്തുകൾ എന്ന്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

അട്ടപ്പാടിയിൽ വിവിധ ഊരുകളിലെ ഗോത്ര വിഭാഗങ്ങളിലെ ജനസംഖ്യ

3524 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ വിവിധ ഊരുകളിലായി ഏതെല്ലാം ഗോത്രവിഭാഗങ്ങളിലായി ജനസംഖ്യ എത്രയാണ്; ഗോത്ര വിഭാഗങ്ങൾ തിരിച്ചുള്ള പേരും കണക്കും നൽകുമോ;

(ബി) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന പദ്ധതിയും ബഡ്ജറ്റ് നിർദ്ദേശങ്ങളും നൽകുന്നത് ഏത് ഉദ്യോഗസ്ഥനാണ്; വിശദാംശം നൽകുമോ;

(സി) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ അവിവാഹിതയായ അമ്മമാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിതിവിവരക്കണക്കുകൾ നൽകുമോ;

(ഡി) അട്ടപ്പാടിയിലെ ഐ.റ്റി.ഡി.പി. (പട്ടികവർഗ്ഗ വികസന വകുപ്പ്) ബൈഫർക്കേഷനുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 24.9.2010ൽ ഇ1/7638/2001 പ്രകാരം സർക്കാരിലേക്ക് നൽകിയ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; വിവിധ തലങ്ങളിൽ നടത്തിയ മീറ്റിംഗുകളുടെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സംബന്ധിച്ചു സർവ്വേ</u>

3525 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. രാജു
,, ചിറ്റയം ഗോപകുമാർ
,, വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽ എത്ര വിഭാഗങ്ങളുണ്ട് ; അവ ഏതെല്ലാം;

(ബി) ഈ വർഗ്ഗത്തിൽപ്പെടുന്നവർ വിദ്യാഭ്യാസപരമായി അതീവ പിന്നോക്കാവസ്ഥയിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ആയതു സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ വകുപ്പ്, 'കില' എന്നിവ ചേർന്ന് സർവ്വേ നടത്തിയിട്ടുണ്ടോ ;

(സി) സർവ്വേയുടെ മറ്റ് കണ്ടെത്തലുകൾ എന്തെല്ലാം ; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത പട്ടികവർഗ്ഗ ഗ്രാമങ്ങൾ</u>

3526 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വയം പര്യാപ്ത പട്ടികവർഗ്ഗ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയ്ക്കായി എന്ത് തുകയാണ് 2012-2013 ൽ നീക്കിവച്ചത്;

(ബി) എത്ര ഗ്രാമങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്തത്;

(സി) ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ആയതിന് എന്ത് മാനദണ്ഡ പ്രകാരമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്;

(ഇ) ഏത് ഏജൻസിയാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചത്; ഏത് ഏജൻസിയാണ് പദ്ധതിയിലേക്ക് പട്ടികവർഗ്ഗ ഗ്രാമങ്ങളെ നിർദ്ദേശിച്ചത്; വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പദ്ധതിയിലൂടെ പട്ടികവർഗ്ഗ ഗ്രാമങ്ങളിൽ എന്ത് തുകയുടെ വികസനമാണ് നടക്കുന്നത്;

(ജി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(എച്ച്) പ്രസ്തുത പദ്ധതി 2013-2014 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; നടപ്പുവർഷം എന്ത് തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>വനാവകാശനിയമം</u>

3527 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വനാവകാശനിയമപ്രകാരം എത്ര ആദിവാസികൾക്ക് ഭൂമി നൽകി എന്ന് വെളിപ്പെടുത്തുമോ; ഭൂമി ലഭിച്ചവരുടെ പേരുവിവരവും നൽകിയ ഭൂമിയുടെ വിവരവും അടങ്ങുന്ന പട്ടിക ജില്ലയും സെറ്റിൽമെന്റും തിരിച്ച് ലഭ്യമാക്കുമോ;

(ബി) വനാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന ഏതെല്ലാം പ്രവർത്തനങ്ങൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) വനാവകാശനിയമം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട സമിതികളുടെ രൂപീകരണം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) നടപ്പിലാക്കാത്ത ഊരുകളിലും പ്രസ്തുത സമിതികൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

‘സഹായി’ സേവന കേന്ദ്രങ്ങൾ

3528 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ തൊഴിലവസരങ്ങൾ, ഉന്നത വിദ്യാഭ്യാസം തുടങ്ങിയവയുടെ വിവരങ്ങൾ നൽകുന്നതിനായി ‘സഹായി’ എന്ന പേരിൽ സേവനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം ആരംഭിച്ചു;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ വിവരങ്ങൾ നൽകുന്നതിനായി നിയോഗിച്ചിരിക്കുന്നത് ആരെയാണ്;

(സി) അട്ടപ്പാടി മേഖലയിൽ ഈ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ആരംഭിച്ചത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങള്‍</u>

3529 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പട്ടികവര്‍ഗ്ഗ കോളനികളിലേക്കുള്ള റോഡുകള്‍, പാലങ്ങള്‍, കുടിവെള്ളം തുടങ്ങി അടിസ്ഥാന സൗകര്യങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മാതൃകാ പട്ടിക വര്‍ഗ്ഗ കോളനികള്‍</u>

3530 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടിക വര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാതൃകാ പട്ടിക വര്‍ഗ്ഗ കോളനികള്‍ ആരംഭിക്കുവാന്‍ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ പട്ടികവര്‍ഗ്ഗകോളനികളെ പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദവിവരങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കുള്ള റോഡുകൾ</u>

3531 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾ മാത്രം താമസിക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും, പുതുതായി റോഡുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കും റോഡ് കണക്ടിവിറ്റി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഗതാഗതയോഗ്യമായ റോഡില്ലാത്ത പട്ടികവർഗ്ഗ കോളനികളുടെ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ചേളന്നൂർ പഞ്ചായത്തിലെ ട്രൈബൽ കോളനി റോഡിന്റെ നവീകരണം</u>

3532 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ കോയാലി പറമ്പത്ത് ട്രൈബൽ കോളനിയിലെ റോഡു നവീകരണത്തിന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നിന്ന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാന പ്രകാരം സി.2551/2011 നമ്പരിൽ അയച്ച കത്തിൽ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് കോളനി റോഡിന്റെ നവീകരണത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ട്രൈബൽ കോളനി റോഡിന്റെ നവീകരണത്തിന് ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ആദിവാസി കുട്ടികളുടെ സ്ക്കൂൾ പഠനം</u>

3533 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾ സ്കൂളിൽ നിന്നും പഠനം നിറുത്തി പോകുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസിമേഖലകളിൽ ഈ വർഷം ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ കണക്കുകൾ പട്ടികവർഗ്ഗ വകുപ്പിൽ ലഭ്യമാണോ;

(സി) ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിലെ സ്കൂളുകൾ</u>

3534 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എം.ആർ.എസ്. ഉൾപ്പെടെ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ എത്ര അധ്യാപകരും അധ്യാപകേതര ജീവനക്കാരും കുട്ടികളുമുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ മതിയായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും സ്കൂളുകളിൽ മതിയായ തസ്തികകൾ സൃഷ്ടിക്കാതിരിക്കുകയും അവിടെ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുമുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സ്കൂളുകളുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തെക്കുറിച്ചും പഠനനിലവാരത്തെക്കുറിച്ചുമുള്ള പരാതികൾ ഗൗരവമായി പരിഗണിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി

3535 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' കെ. ശിവദാസൻ നായർ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കായി പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മോഡല്‍ റസിഡന്‍ഷ്യല്‍ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാന്‍ പദ്ധതി</u>

3536 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
'' ഡൊമിനിക് പ്രസന്റേഷന്‍
'' കെ. അച്ചുതന്‍
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടിക വര്‍ഗ്ഗക്കാര്‍ക്കുള്ള മോഡല്‍ റസിഡന്‍ഷ്യല്‍ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാന്‍ ഏതെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(ബി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പെൺകുട്ടികൾക്കായി പുതിയ ഹോസ്റ്റൽ കെട്ടിടം</u>

3537 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പരവനടുക്കത്ത് സ്ഥിതിചെയ്യുന്ന മോഡൽ റസിഡൻഷ്യൽ സ്ക്കൂളിൽ പെൺകുട്ടികൾക്കായി പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എന്ത് തുകയാണ് അനുവദിച്ചിട്ടുളളത്; തുക അനുവദിച്ചിട്ട് എത്ര മാസമായി; വിശദമാക്കാമോ;

(സി) പി.ഡബ്ല്യു.ഡി. പട്ടികവർഗ്ഗ വകുപ്പിന്റെ ആവശ്യപ്രകാരം തയ്യാറാക്കിയ നിർദ്ദേശത്തിന്, എസ്.റ്റി. വകുപ്പിന്റെ അനുമതി ഇതുവരെ നൽകാത്തതാണ് പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാതെ വന്നതിന് കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞിട്ടും ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് എസ്.റ്റി. വകുപ്പ് സ്വീകരിച്ചിട്ടുളളത്; അറിയിക്കുമോ;

(ഇ) സ്ഥല പരിമിതികളാൽ ബുദ്ധിമുട്ടുന്ന പ്രസ്തുത സ്ഥാപനത്തിൽ ഹോസ്റ്റൽ കെട്ടിടം എന്ന് യാഥാർത്ഥ്യമാക്കുവാൻ സാധിക്കും; അറിയിക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ശാസ്ത്ര പോഷിണി ലാബ് ആരംഭിക്കാൻ നടപടി</u>

3538

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കായുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ശാസ്ത്ര പോഷിണി ലാബ് ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ്</u>

3539

ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്കായി ലാപ്ടോപ്പ് വിതരണം ചെയ്യുന്ന ഏതൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയത്;

ബി) എത്ര രൂപവിലയുളള ലാപ്ടോപ്പുകളാണ് വിതരണം ചെയ്തത്;

(സി) ഏതു കമ്പനിയുടെ ഏതു മോഡല്‍ ലാപ്ടോപ്പാണ് വിതരണം ചെയ്തത്;

(ഡി) വിതരണം ചെയ്ത ലാപ്ടോപ്പുകള്‍ക്ക് ഓപ്പണ്‍ മാര്‍ക്കറ്റുകളെക്കാള്‍ കൂടിയ വിലയാണെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയതില്‍ ക്രമക്കേട് നടന്നിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ലാപ്ടോപ്പ് വിതരണം</u>

3540 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയ ലാപ്ടോപ്പ് ഒന്നിന് എന്തു തുക ചെലവായി; ഇനിയും വാങ്ങാനുദ്ദേശിക്കുന്നവ എത്ര;

(ബി) ലാപ്പ്ടോപ്പ് വാങ്ങുന്നതിന് വിളിച്ച ടെണ്ടറിൽ എത്ര സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി; ഓരോ സ്ഥാപനവും ലാപ്ടോപ്പ് ഒന്നിന് ക്വോട്ട് ചെയ്ത തുക എത്ര;

(സി) വാങ്ങിയ ലാപ്ടോപ്പുകൾ വിദ്യാർത്ഥികൾക്ക് പുറമെ ആർക്കെല്ലാം വിതരണം ചെയ്യുകയുണ്ടായി;

(ഡി) ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി ഏർപ്പെട്ട ധാരണാപത്രങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ആയതിനായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ</u>

3541 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹരിതരായ പട്ടികവർഗ്ഗ വിഭാഗക്കാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് കൃഷിഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

ട്രൈബൽ വകുപ്പ് അനുവദിച്ച ഭവനനിർമ്മാണ പദ്ധതികൾ

3542 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ വർഷം ട്രൈബൽ വകുപ്പ് അനുവദിച്ച ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) മുൻ വർഷങ്ങളിൽ ഏറ്റെടുത്തിട്ട് പൂർത്തീകരിക്കാനുള്ള ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷം അനുവദിച്ച ഭവന നിർമ്മാണ പദ്ധതികളിൽ എത്രയെണ്ണം പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് വീടുകൾ</u>

3543 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വീടുകൾ വിവിധ പദ്ധതികളിലായി നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ബി) പ്രസ്തുത വീടുകൾ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെട്ടതാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) പട്ടികവർഗ്ഗ വിഭാഗക്കാർ ഇപ്പോൾ താമസിച്ചുവരുന്ന വീടുകൾ പലതും വാസയോഗ്യമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വീടുകളെ സംബന്ധിച്ചുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടോ;

(ഇ) വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പ്രസ്തുത ജനവിഭാഗത്തിന് സൗകര്യപ്രദമായി വീടുകൾ പുനർ നിർമ്മിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അച്ചൻകോവിൽ മലമ്പണ്ടാര കോളനിയിലെ വീട് നിർമ്മാണം</u>

3544 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കിഴക്കൻ വനമേഖലയായ അച്ചൻ കോവിൽ മലമ്പണ്ടാര കോളനിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2005, 2008 വർഷങ്ങളിൽ 31 വീടുകൾക്ക് തുക അനുവദിച്ചെങ്കിലും ആവശ്യത്തിന് തുക വകയിരുത്താത്തതു കാരണം പണി പൂർത്തിയാക്കാത്തത് സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിലും പരിഗണനയിലുമുണ്ടോ;

(ബി) ഇല്ലെങ്കിൽ, കൂടുതൽ പണം അനുവദിക്കുവാനും പുതിയ പദ്ധതിയിൽ പ്രസ്തുത വീടുകളെ ഉൾപ്പെടുത്തുവാനും പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

പട്ടികവർഗ്ഗ മേഖലകളിൽ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ

3545 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ ഏതെല്ലാം ആദിവാസി/പട്ടികവർഗ്ഗ മേഖലകൾ ഉണ്ട്;

(ബി) പ്രസ്തുത മേഖലകളിൽ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ മേഖലകളിൽ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>ആദിവാസി വിഭാഗങ്ങൾക്ക് ചികിത്സാ സഹായം</u>

3546 ശ്രീ.ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് ചികിത്സാ സഹായമെത്തിക്കുന്ന പദ്ധതിക്കായി 2012–2013 സാമ്പത്തിക വർഷത്തിൽ എന്ത് തുക നീക്കി വെച്ചു;

(ബി) ഈ പദ്ധതിയിൽ നിന്നും അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലെ എത്ര പേർക്ക് ചികിത്സാ സഹായം നൽകുകയുണ്ടായി;

(സി) എന്ത് തുക അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗങ്ങളുടെ ചികിത്സാ ചെലവിനത്തിൽ ഈ പദ്ധതി പ്രകാരം പ്രസ്തുത കാലയളവിൽ നൽകുകയുണ്ടായി;

(ഡി) അട്ടപ്പാടിയിൽ പോഷകാഹാരക്കുറവു മൂലം ശിശു മരണങ്ങൾ നടന്ന ഊരുകളിൽ പട്ടിക വർഗ്ഗക്ഷേമ വകുപ്പു നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണവും ആയതിനായി ചിലവഴിച്ച തുക എത്ര എന്ന കണക്കും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ട്രൈബല്‍ കോളനികളിലെ മഴക്കാല രോഗ പ്രതിരോധ പ്രവര്‍ത്തനങ്ങള്‍</u>

3547

ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഴക്കാല രോഗപ്രതിരോധ പ്രവര്‍ത്തനത്തിന്റെ ഭാഗമായി കോളനികള്‍ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ട്രൈബല്‍ പ്രമോട്ടര്‍മാരുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ പ്രമോട്ടര്‍മാരുടെ സേവനം കാര്യക്ഷമമാക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച റിപ്പോർട്ട്</u>

3548 ശ്രീ.എ. കെ. ബാലൻ
'' എം. ഹംസ
'' കെ. വി. വിജയദാസ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ നവജാതശിശുക്കൾ കൂട്ടത്തോടെ മരിക്കാനിടയാക്കിയ കാരണങ്ങൾ സംബന്ധിച്ച് ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിലുള്ള സംഘം സ്ഥലം സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ പരിശോധിക്കുകയുണ്ടായോ; അവ എന്തൊക്കെയായിരുന്നു; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അട്ടപ്പാടിയിൽ പോഷകാഹാരക്കുറവു മൂലം വൈകല്യമുണ്ടായവരെ പുനരധിവസിപ്പിക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ടോ; പോഷകാഹാരക്കുറവു മൂലം വിളർച്ച ഉള്ളവരെ പോഷണ പുനരധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിച്ച് ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ എണ്ണം</u>

T3549 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ അട്ടപ്പാടി മേഖലയിൽ ജനിച്ച കുട്ടികളുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെ മരണം</u>

3550 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 വർഷത്തിൽ ഇതുവരെ അട്ടപ്പാടിയിൽ എത്ര ആദിവാസി നവജാതശിശുക്കളാണ് മരണപ്പെട്ടിട്ടുള്ളത്; ഈ കുട്ടികളുടെ മരണകാരണം എന്താണ് ;

(ബി) ഇതു സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ആദിവാസി കോളനികളിൽ സൗജന്യ റേഷൻ</u>

T3551

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിൽ പട്ടിണിയും പകർച്ചവ്യാധികളും പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ സൗജന്യ റേഷൻ നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം</u>

3552 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിന് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് പ്രസ്തുത സഹായം നൽകിയിട്ടുണ്ട്; ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിലുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ആദിവാസികളുടെ വായ്പ എഴുതിത്തള്ളൽ

3553

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗങ്ങൾ വിവിധ ധനകാര്യ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് നിലവിൽ പദ്ധതികൾ ഉണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) കടക്കെണിയിൽപ്പെടുന്ന ആദിവാസികളെ സഹായിക്കുന്നതിനും കൂടുതൽ സഹായങ്ങൾ ലഭ്യമാക്കുന്നതിനും കടാശ്വാസ പദ്ധതി നടപ്പാക്കുമെന്ന 2011-12 ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എന്ത് തുക ഇതിനായി നീക്കിവച്ചിട്ടുണ്ട്; എത്ര പേർക്ക് ആയതിന്റെ ആനുകൂല്യം നൽകി; എന്ത് തുകയുടെ ആശ്വാസം നൽകി; വ്യക്തമാക്കുമോ;

(ഡി) വായ്പകൾ എഴുതിത്തള്ളണമെന്നാവശ്യപ്പെട്ട് അട്ടപ്പാടിയിലെ ആദിവാസികൾ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>നെന്മാറ അസംബ്ലി മണ്ഡലത്തിലെ പട്ടികവര്‍ഗ്ഗക്കാരുടെ ക്ഷേമത്തിനായി വകയിരുത്തിയ തുക</u>

3554

ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെന്മാറ അസംബ്ലി മണ്ഡലത്തിലെ പട്ടികവര്‍ഗ്ഗക്കാരുടെ ക്ഷേമത്തിനായി ഈ സര്‍ക്കാരധികാരമേറ്റശേഷം എന്ത് തുക വകയിരുത്തിയിട്ടുണ്ട്;

(ബി) എന്തെല്ലാം കാര്യങ്ങള്‍ക്കാണ് തുക വകയിരുത്തിയത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത തുകയില്‍ നാളിതുവരെ എന്ത് തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>യൂത്ത് കമ്മീഷൻ നിയമം</u>

3555 ശ്രീ. ഷാഫി പറമ്പിൽ
'' വി. റ്റി ബൽറാം
'' പി. സി. വിഷ്ണുനാഥ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ ക്ഷേമത്തിനായി യൂത്ത് കമ്മീഷൻ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ</u>

3556

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പിന്റെ വിശദാംശങ്ങൾ നല്കാമോ;

(സി) യുവജനങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

ജോബ് ഫെയർ – ജോബ് ഫെസ്റ്റ്

3557 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വകാര്യ സംരഭകരുടെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ജോബ് ഫെയർ–ജോബ് ഫെസ്റ്റ് പ്രയോജനപ്രദമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് ഇതിനോടകം ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചത്;

(സി) സ്ഥിരം ജോബ് പോർട്ടൽ നടത്തികൊണ്ട് പോകുന്നതിന് ഇന്റർനെറ്റ്, സ്റ്റാഫ് മറ്റ് ചിലവുകൾ ഉൾപ്പെടെ ഒരു മാസം 10000 (പതിനായിരം)രൂപ പ്രകാരം സഹായം അനുവദിച്ച് തൊഴിലില്ലായ്മ പരിഹരിക്കാനുള്ള സംവിധാനത്തെ ഉപയോഗപ്പെടുത്താൻ പദ്ധതി ആവിഷ്ക്കരിക്കുമോ;

(ഡി) ആയത് യുവജനക്ഷേമ ബോർഡ് പരിഗണിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കൃഷിപാഠം പദ്ധതി</u>

3558 ശ്രീ. ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കൃഷിപാഠം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ആയതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വയനാട്ടിലെ ഹെറിറ്റേജ് മ്യൂസിയം</u>

3559

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലായി എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മ്യൂസിയം/മൃഗശാലകളിലെ ഗാർഡൻ ജോലി</u>

3560

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മ്യൂസിയം/മൃഗശാലകളിൽ ഗാർഡൻ ജോലിയ്ക്കായി സ്ത്രീ ജീവനക്കാരെ നിയമിക്കുവാൻ നിയമം അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര പേർ ഇപ്രകാരം ജോലി ചെയ്തുവരുന്നു; അവരുടെ പേരുവിവരം ലഭ്യമാക്കുമോ;

(സി) ഇവർ ജോലിക്കു ചേർന്ന തീയതിയും നിയമന രീതിയും ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

മൃഗശാലകളിൽ നിരീക്ഷണ ക്യാമറ

3561 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനാധാരമായ കാരണങ്ങൾ വിശദമാക്കുമോ;

(ബി) ഏതൊക്കെ മൃഗശാലകളിലാണ് ക്യാമറ സ്ഥാപിക്കുന്നത്; എത്ര എണ്ണം വീതം; വിശദമാക്കുമോ;

(സി) ആധുനിക സംവിധാനമുള്ള ക്യാമറകളാണോ സ്ഥാപിക്കുന്നത്; ഇവ മോണിട്ടർ ചെയ്യാനും, കാലാകാലങ്ങളിൽ റിപ്പയർ ചെയ്യാനും ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനത്തിന്റെ വിശദാംശം നൽകാമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മൃഗശാലാ നവീകരണം</u>

3562

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാല നവീകരിക്കുന്നതിനു വേണ്ടി സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കാമോ;

(ബി) ആയതിനുവേണ്ടി ഓരോയിനത്തിലും എന്തു തുക ചെലവിട്ടുവെന്ന് ഇനം തിരിച്ച് അറിയിക്കുമോ; മൃഗശാലാ നവീകരണത്തിനു വേണ്ടി പുതിയതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മൃഗശാലയിലെ വാട്ടർ ഫൗണ്ടൻ നിർമ്മാണം</u>

3563 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവു കളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലെ തടാകത്തിൽ സ്ഥാപിച്ച വാട്ടർ ഫൗണ്ടൻ നിർമ്മാണത്തിനായി എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫൗണ്ടന്റെ ഉദ്ഘാടനം ഏതു തീയതിയാണ് നടത്തിയത്;

(സി) ഈ ഫൗണ്ടൻ സ്ഥാപിച്ച നിർമ്മാണ കമ്പനിയുടെ ഗ്യാരന്റി പീരിഡ് തീരുന്ന തീയതി വ്യക്തമാക്കുമോ;

(ഡി) ഈ ഫൗണ്ടൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പരിഹാര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>പുതിയ പക്ഷിമൃഗാദികൾ</u>

3564 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം മൃഗശാലയിൽ എത്ര പുതിയ പക്ഷിമൃഗാദികളെ കൊണ്ടുവന്നിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ആയതിന് ചെലവായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ആയതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 15.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്**</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.
[ ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.